പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2955

13.03.2018-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നതിന് മൂന്ന് മാസവും, പദ്ധതി നിർവ്വഹണത്തിന് ഒമ്പത് മാസവും ലഭിക്കുന്ന രീതിയിൽ പദ്ധതി ക്രമീകരണം നടത്തുവാൻ തീരുമാനിച്ചിരുന്നോ;വ്യക്തമാക്കാമോ; | എ) 29.03.2017 ലെ സ.ഉ(കൈ)നം.72/2017/ത.സ്വ.ഭ.വ-ലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നതിന് മൂന്ന് മാസവും പദ്ധതി നിർവ്വഹണത്തിന് ഒമ്പത് മാസവും നിഷ്കർഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളനാട് ഗ്രാമ പഞ്ചായത്ത് ഒഴികെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ജൂൺ 2017 ന് തന്നെ പദ്ധതി അംഗീകാരം വാങ്ങുകയും അതിലൂടെ പദ്ധതി നിർവ്വഹണത്തിന് ഒമ്പത് മാസം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.<br>പതിമൂന്നാം പഞ്ചവത്സര പദ്ധതിയും (2017-22) ആദ്യ വാർഷിക പദ്ധതിയും (2017-18) തയ്യാറാക്കുന്നതിന് കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള 09/01/17 ലെ ജി.ഒ (എം. എസ്) നമ്പർ 11/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഏപ്രിൽ 1 മുതൽ പദ്ധതി നിർവ്വഹകണം ആരംഭിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. |
| ബി) ഇപ്രകാരമുള്ള പദ്ധതി നിർവ്വഹണം സാധ്യമായിട്ടും 2017-18 ൽ പദ്ധതി വിഹിതം ചെലവാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുറകോട്ട് പോകുവാനുണ്ടായ സാഹചര്യമെന്താണ്; | ബി) 2017-18 വാർഷിക പദ്ധതിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തതിന്റെ പ്രധാനപ്പെട്ട ചില കാരണങ്ങൾ ചുവടെ ചേർക്കുന്നു<br>1.ജി.എസ്.റ്റി നിലവിൽ വന്ന സമയത്ത് കരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിച്ചതും മരാമത്ത് പണികൾ നിറുത്തി വച്ചതും<br>2.ട്രഷറികളിലെ ബിൽ പെൻഡിംഗ്<br>3.മരാമത്ത് പണികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്<br>4.എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് |

2017 ജൂലൈ 1 ന് GST നിലവിൽ വന്നതിനെ തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. GST സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ നല്കിയതിനു ശേഷം മാത്രമാണ് പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തിട്ടുള്ളത്. പല പ്രവൃത്തികളും കൂടുതൽ തവണ ടെണ്ടർ ചെയ്യേണ്ട സാഹചര്യമുണ്ടായി. ഈ സാഹചര്യം പദ്ധതി ചെലവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

മേൽ കാരണങ്ങൾ ഉണ്ടെങ്കിലും ഇതുവരെയുള്ള പദ്ധതി കാലഘട്ടത്തിനെക്കാൾ പുരോഗതി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൈവരിച്ചിട്ടുണ്ട്.

| | |
|---|---|
| സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഓരോ മാസവും, നിശ്ചിത ശതമാനം തുക പദ്ധതിയിനത്തിൽ ചെലവിടണമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | സി) ഓരോ ത്രൈമാസവും 25% തുക ചെലവഴിക്കണമെന്നും 2018 മാർച്ചിൽ പരമാവധി 15% തുക മാത്രമേ ചെലവഴിക്കാൻ സാധിക്കുള്ളൂ എന്ന് ഡി.എ 1/529(1)/2017/ തസ്വഭവ തീയതി 26/07/2017 ഉത്തരവ് പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ